**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3618 — 20.10.2016-ൽ മറുപടിക്ക്

# രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) പൊതുജനങ്ങൾക്ക് ജീവനക്കാരെ സമീപിക്കാതെ അപേക്ഷകൾ നേരിട്ട് സമർപ്പിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും ഉള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള ഫീസ് നിരക്കുകൾ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. ആധാരം സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കുവാനുള്ള സൗകര്യം പൊതു ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) 9 ജീവനക്കാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. 3 സബ് രജിസ്ട്രാർമാർ ഉൾപ്പെടെയുള്ള ടി ജീവനക്കാർ ക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ച ജീവനക്കാർക്ക് ഈ കാലയളവിൽ ഗുഡ് സർവ്വീസ് എൻട്രി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | സി) ഇല്ല. |

**സെക്ഷൻ ഓഫീസർ**